(എഫ്) ഷെഡ്യൂളുകളും ട്രിപ്പുകളും മുടങ്ങുന്നത് പല കാരണങ്ങളാൽ ആണ്. ബസ്സുകളുടെ കുറവുകൊണ്ടും ബസ്സുകൾ അറകുറ പണികൾക്ക് പിടിക്കുന്നതുമൂലവും ബ്രേക്ക്ഡൗൺ കൊണ്ടും സ്പെയർ പാർട്ട്സിന്റെ അഭാവം മൂലവും ജീവനക്കാർ കൃത്യമായി ജോലിക്കു ഹാജരാകാത്തതുകൊണ്ടും അവരുടെ കുറവുകൊണ്ടും ഷെഡ്യൂളുകളും ട്രിപ്പുകളും മുടങ്ങാറുണ്ട്. ജീവനക്കാരുടെ കുറവുമൂലം മുടങ്ങുന്ന ട്രിപ്പുകളുടെ എണ്ണം വേർതിരിച്ചു കണക്കാക്കിയിട്ടില്ല.

(ജി) ഇല്ല.

കെ.എസ്.ആർ.ടി.സി. സ്റ്റാഫ് വെൽഫെയർ ഫണ്ട് പദ്ധതി

87 [2956] ശ്രീ. ഇ. എം. അഗസ്തി:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, സി. പി. മുഹമ്മദ്:
,, വി. ജെ. പൗലോസ്:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാർക്കുവേണ്ടി പ്രസ്തുത കോർപ്പറേഷൻ സ്റ്റാഫ് വെൽഫെയർ ഫണ്ട് പദ്ധതി ആരംഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നുമുതൽ;

(സി) ഈ പദ്ധതിപ്രകാരം കെ. എസ്. ആർ. ടി. സി. ജീവനക്കാർ എന്തു തുകവീതം ആണ് മാസംപ്രതി അടക്കേണ്ടിയിരുന്നത്;

(ഡി) ഇതിലേയ്ക്കുള്ള കെ. എസ്. ആർ. ടി. സി.-യുടെ പ്രതിമാസ വിഹിതം എത്രയായിരുന്നു;

(ഇ) ഈ പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) ഈ പദ്ധതി അവസാനിച്ചപ്പോൾ അതിൽ എത്ര തുക യുണ്ടായിരുന്നു;

(ജി) പ്രസ്തുത തുക കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അർഹമായ തോതിൽ തിരിച്ചുകൊടുത്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഈ പദ്ധതി തുടർന്ന് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിരുന്നു.

(ബി) 1-4-1972 മുതൽ.

(സി) പ്രതിമാസം 45 രൂപ.

(ഡി) പ്രതിമാസം അംശം ഒന്നിന് 10 രൂപ വീതം കോർപ്പറേഷൻ വിഹിതമായി നൽകുന്നു.

(ഇ) ഇല്ല. 28-2-2004-ൽ ഈ പദ്ധതി നിർത്തലാക്കി. ഫണ്ടിലേക്ക് ലഭിക്കുന്ന തുകകൊണ്ട് സർവ്വീസിലിരിക്കെ മരിക്കുന്നവർക്കും പെൻഷൻ പറ്റി പിരിയുന്നവർക്കും ഉള്ള ആനുകൂല്യം അനുവദിക്കാൻ കഴിയാതെ വന്നതുകൊണ്ടാണ് ഈ പദ്ധതി നിർത്തലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 81,69,190 രൂപ.

(ജി) വെൽഫെയർ ഫണ്ട് നിയമാവലിയിൽ അനുശാസിക്കുന്ന വിധത്തിലുള്ള ആനുകൂല്യം ഫണ്ട് നിർത്തൽ ചെയ്യുന്നതുവരെ സർവ്വീസിൽ നിന്ന് പിരിഞ്ഞവർക്കും സർവ്വീസിൽ ഇരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കും കൊടുത്തുകൊണ്ടിരിക്കുന്നു.

(എച്ച്) ജീവനക്കാരിൽനിന്ന് പിടിക്കുന്ന പ്രതിമാസ വിഹിതം വർദ്ധിപ്പിച്ച് പദ്ധതി തുടരുന്നത് സംബന്ധമായി അംഗീകൃത യൂണിയനുകളുമായി ചർച്ചകൾ നടക്കുന്നു. അംഗീകൃത യൂണിയനുകളുമായുണ്ടാകുന്ന ചർച്ചയുടെ വെളിച്ചത്തിൽ മാത്രമേ ഇതിൽ അന്തിമ തീരുമാനം ആകൂ.

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പദ്ധതി

88 [2957] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതുതരം പദ്ധതിയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയനുസരിച്ച് എത്രപേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്;

(സി) പെൻഷൻ കുടിശ്ശിക നൽകുന്നതു സംബന്ധിച്ച് കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടി സ്വീകരിച്ചു;

(ഡി) പെൻഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ എത്ര കേസുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 1-4-1984 മുതൽ കേരളാ സർവ്വീസ് റൂൾസിനു വിധേയമായി പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 8-7-2005-ൽ ശേഖരിച്ച വിവരങ്ങൾ അനുസരിച്ച് 6264 പേർക്ക് കുടിശ്ശിക നൽകാനുണ്ട്.

(സി) ഉണ്ട്. ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 18-10-2001-ലെ ഡബ്ല്യു. എ. 289/01 എന്ന കേസ്സിലെ വിധിപ്രകാരം ദിവസ വരുമാനത്തിന്റെ 10% തുക മാറ്റിവെച്ചു പെൻഷൻ പറ്റിയതിന്റെ മുൻഗണനാക്രമം അനുസരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഡി) പെൻഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 17 കേസുകൾ വിധി പറയാനായി ബഹു. ഹൈക്കോടതിയുടെ മുൻപാകെ ഇപ്പോൾ നിലവിലുണ്ട്. ഇത് കൂടാതെ പ്രോവിഡന്റ് ഫണ്ട്, അതിൻമേലുള്ള പലിശ, ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള 854 കേസ്സുകൾ ബഹു. കേരള ഹൈക്കോടതി, ലോകായുക്ത, ഉപലോകായുക്ത എന്നിവ മുൻപാകെ നിലവിലുണ്ട്. ഇത്തരത്തിൽ ഇതിനകം വിധിയായ 295 കേസ്സുകളിൽ വിധി തുക കൊടുത്തു തീർക്കുവാനുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly